**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1914** **31-08-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിനുള്ള നിയമം ഭേദഗതി ചെയ്യുമെന്ന സർക്കാർ വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വഖഫ് ബോർഡ് നിയമന വിഷയത്തിൽ മുസ്ലീം സംഘടനകളുടെ അഭിപ്രായം കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം എടുക്കുന്ന കാര്യവും യോഗ്യരായവരെ ബോർഡിൽ നിയമിക്കുന്നതിന് സംവിധാനം ഒരുക്കുന്ന കാര്യവും പരിശോധിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദാക്കുന്ന കാര്യവും വഖഫ് ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിൽ നിയമനം നടത്തുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിന് പകരം പ്രസ്തുത നിയമനങ്ങൾക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; | (ബി) | 'എ' പിരിവിനുള്ള മറുപടി |
| (സി) | പ്രസ്തുത നിയമന വിഷയത്തിൽ മുസ്ലിം സംഘടനകളുമായുള്ള ചർച്ചയിൽ ഉയർന്നുവന്ന ആശങ്കകൾ പരിഹരിച്ചും പൊതു അഭിപ്രായങ്ങൾ പരിഗണിച്ചും നിലപാടുകൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നിയമ ഭേദഗതി എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ? | (സി) | 'എ' പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ